ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.05.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു. പരസ്യപ്രചാരണം നാളെ അവസാനിക്കും.

**Campaign for 7th phase of LS election intensified across various constituencies. Campaigning will conclude tomorrow.**

2) മദ്യനയ അഴിമതി കേസിൽ ഇടക്കാല ജാമ്യം 7 ദിവസം കൂടി നീട്ടണമെന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ അപേക്ഷ സുപ്രീം കോടതി തള്ളി.

**Supreme Court today rejected Delhi Chief Minister Arvind Kejriwal's plea for 7 day extension of his interim bail in a PMLA case linked to Delhi liquor scam.**

3) കേരളത്തിൽ കനത്ത മഴ തുടരുന്നു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

**Rain havoc continues in Kerala. IMD issued orange alert in Kollam, Pathanamthitta, Alappuzha, Kottayam and Ernakulam districts,**

4) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനം വന്യജീവി വകുപ്പിൽ 9 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു

**Kerala Cabinet decides to constitute 9 RRTs in the state to address human-wildlife conflict.**

5) **സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**

**Plus one trial allotment result announced in Kerala**

6) **ഇന്ത്യയുമായുണ്ടായിരുന്ന സമാധാനക്കരാർ 1999 ൽ പാകിസ്ഥാൻ ലംഘിച്ചതായി സമ്മതിച്ച് മുൻ പാക് പ്രധാനമന്ത്രി നവാസ് ഷരീഫ്.**

**Former Pakistan Prime Minister Nawaz Sharif has admitted that Islamabad 'violated' an agreement with India in 1999.**

========================================

## HEADLINE-1
## CAMPAIGNING - 7TH PHASE INTRO

ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം നാളെ അവസാനിക്കും. 57 മണ്ഡലങ്ങളിലാണ് ജൂൺ ഒന്നിന് അവസാന ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. പരസ്യപ്രചാരണം അവസാനിക്കാനിരിക്കെ റാലികളിലും പൊതുസമ്മേളനങ്ങളിലും പങ്കാളിത്തം ഊർജ്ജിതമാക്കിയിരിക്കുകയാണ് ദേശീയ നേതാക്കളും താരപ്രചാരകരും.

വിശദാംശങ്ങളിലേക്ക്...

(വോയിസ്)

*ഏഴ് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ചണ്ഡീഗഢിലുമായി 904 സ്ഥാനാർത്ഥികളാണ് ഏഴാം ഘട്ടത്തിൽ ജനവിധി തേടുന്നത്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് ഒഡീഷയിൽ തിരഞ്ഞടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. മയൂർബഞ്ച്, ബലാസോർ ലോക്സഭാ*

*മണ്ഡലങ്ങളിലെ റാലികളിലാണ് അദ്ദേഹം പങ്കെടുക്കുന്നത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയും തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കാനായി ഇന്ന് ഒഡീഷയിൽ എത്തും. ബിജെപി നേതാവും രാജ്യരക്ഷാ മന്ത്രിയുമായ രാജ്നാഥ് സിങ് ഇന്ന് ബിഹാറിലെ മൂന്നിടങ്ങളിൽ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും. ആർ ജെ ഡി നേതാവ് ലാലു പ്രസാദ് യാദവ് പാടലിപുത്രയിൽ പ്രചാരണത്തിനിറങ്ങും. ഉത്തർപ്രദേശിലും ഏഴാം ഘട്ടത്തിലേക്കുള്ള വോട്ടെടുപ്പിനുള്ള പരസ്യപ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുകയാണ്. അവസാന ഘട്ട തിരഞ്ഞെടുപ്പിൽ ഉത്തർപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിൽ 13 വീതവും പശ്ചിമ ബംഗാളിൽ 9 ഉം ബീഹാറിൽ 8 ഉം ഒഡീഷയിൽ ആറും ജാർഖണ്ഡിൽ മൂന്നും, ഹിമാചൽപ്രദേശിൽ നാലും, ചണ്ഡിഗഢിലെ ഒരു ലോക്സഭാ മണ്ഡലത്തിലുമാണ് വോട്ടെടുപ്പ് നടക്കുന്നത്. എല്ലാ ഘട്ടത്തിലേയും വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.*

*ന്യൂസ് ഡെസ്ക് ആകാശവാണി.....*

*****************************************

## REV. EC-VOTERS

ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ആറാം ഘട്ടത്തിൽ പുരുഷ വോട്ടർമാരേക്കാൾ മൂന്ന് ശതമാനം കൂടുതൽ സ്ത്രീകൾ സമ്മതിദാന അവകാശം വിനിയോഗിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. ആറാം ഘട്ടത്തിൽ വോട്ട് ചെയ്തവരുടെ അന്തിമ കണക്കും കമ്മീഷൻ പുറത്തുവിട്ടു. 64.95 ശതമാനം സ്ത്രീകൾ വോട്ട് രേഖപ്പെടുത്തിയപ്പോൾ സമ്മതിദാന അവകാശം വിനിയോഗിച്ച പുരുഷൻമാർ 61.95 ശതമാനമാണ്. 18.67 ശതമാനം ട്രാൻസ് ജെൻഡർമാരും വോട്ട് രേഖപ്പെടുത്തി. പുരുഷൻമാരെക്കാൾ കൂടുതൽ

സ്ത്രീകൾ വോട്ട് ചെയ്തത് ബിഹാർ, ഝാർഖണ്ഡ്, ലഡാക്ക്, ഒഡീഷ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ്.

****************************************

## HEADLINE-2

## SC - KEJRIWAL

ഡൽഹി മദ്യനയ അഴിമതി കേസിലെ ഇടക്കാല ജാമ്യം 7 ദിവസം കൂടി നീട്ടണമെന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ അപേക്ഷ സുപ്രീം കോടതി തള്ളി. ഇതോടെ മുൻ ഉത്തരവ് അനുസരിച്ച് അദ്ദേഹത്തിന് ജൂൺ രണ്ടിന് തന്നെ തിഹാർ ജയിലിലേക്ക് മടങ്ങേണ്ടിവരും. മെയ് 10ന് ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരാണ് ഡൽഹി മുഖ്യമന്ത്രിക്ക് ഇടക്കാല ജാമ്യം അനുവദിച്ചത്. തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കാൻ അരവിന്ദ് കെജ്രിവാളിന് അനുമതി നൽകിക്കൊണ്ട്, കർശന ഉപാധികളോടെയായിരുന്നു ഇടക്കാല ജാമ്യം. പതിവ് ജാമ്യത്തിനായി കെജ്‌രിവാളിന് വിചാരണ കോടതിയെ സമീപിക്കാമെന്നും സുപ്രീം കോടതി വ്യക്തമാക്കി. ഇഡി അറസ്റ്റ് ചെയ്തതിൻ്റെ സാധുത ചോദ്യം ചെയ്ത് കെജ്‌രിവാൾ നൽകിയ ഹർജി സുപ്രീംകോടതി വിധി പുറപ്പെടുവിക്കാൻ മാറ്റിവച്ചിരിക്കുകയാണ്.

****************************************

## HEADLINE-3

## RAIN

കേരളത്തിൽ കനത്ത മഴ തുടരുന്നു. ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, ഇടുക്കി, തൃശൂർ ജില്ലകളിൽ മഞ്ഞ

ജാഗ്രതയാണ്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം എറണാകുളം ഉൾപ്പടെയുള്ള ജില്ലകളിൽ മഴ വലിയതോതിൽ നാശം വിതച്ചിട്ടുണ്ട്. നിരവധി ദുരിതാശ്വാസ ക്യാമ്പുകളും വിവിധ ജില്ലകളിലായി ആരംഭിച്ചിട്ടുണ്ട്. തെക്കൻ തമിഴ് നാട് തീരത്തിനു മുകളിൽ ചക്രവാതചുഴി നിലനിൽക്കുന്നതിനാൽ സംസ്ഥാനത്ത് അടുത്ത 7 ദിവസം വ്യാപക മഴ തുടരും. കാലവർഷം വെള്ളിയാഴ്ചയോടെ കേരളത്തിൽ എത്തിച്ചേരാനാണ് സാധ്യതയെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തെക്കൻ കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

****************************************

## HEADLINE-3A
## RAIN ALAPPUZHA

ആലപ്പുഴയിൽ കനത്ത മഴയിൽ നൂറുകണക്കിന് വീടുകളിൽ വെള്ളം കയറി. ഇന്നലെ രാത്രി തുടങ്ങിയ മഴ ഇപ്പോഴും തുടരുകയാണ്. ഒരു മരണവും റിപ്പോർട്ട് ചെയ്തു.

****************************************

## HEADLINE-3B
## RAIN KOTTAYAM

കോട്ടയം ജില്ലയിൽ ഇന്നലെ പെയ്ത കനത്ത മഴയിലും, മലയോരമേഖലയിൽ ഉണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ഉണ്ടായ ദുരിതം തുടരുന്നു. ഇന്ന് മഴയ്ക്ക് അല്പം ശമനമുണ്ട്. ദുരന്തത്തിൽ ഒരാൾ മരിക്കുകയും ഒരാളെ കാണാതാവുകയും ചെയ്തു. ജില്ലയിൽ 16 വീടുകൾ ഭാഗികമായി തകർന്നു. 11 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നിട്ടുണ്ട്.

****************************************

## PM - KANYAKUMARI

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി നാളെ കന്യാകുമാരിയിലെത്തും. വിവേകാനന്ദപ്പാറയും, സ്വാമി വിവേകാനന്ദൻ ധ്യാനത്തിലിരുന്ന ധ്യാൻ മണ്ഡപവും സന്ദർശിക്കുന്ന പ്രധാനമന്ത്രി ഇവിടെ ധ്യാനത്തിൽ ഏർപ്പെടും.

****************************************

## HEADLINE-4
## CABINET

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിൻറെ ഭാഗമായി വനം വന്യജീവി വകുപ്പിൽ 9 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. തിരുവനന്തപുരം ഡിവിഷനിൽ പാലോട്, പുനലൂർ ഡിവിഷനിൽ തെന്മല, കോട്ടയം ഡിവിഷനിൽ വണ്ടൻപതാൽ, മാങ്കുളം ഡിവിഷനിൽ കടലാർ, കോതമംഗലം ഡിവിഷനിൽ കോതമംഗലം എന്നിവിടങ്ങളിലും ചാലക്കുടി ഡിവിഷനിൽ പാലപ്പിള്ളി, നെന്മാറ ഡിവിഷനിൽ കൊല്ലങ്കോട്, നിലമ്പൂർ സൗത്ത് ഡിവിഷനിൽ കരുവാരക്കുണ്ട്, നോർത്ത് വയനാട് ഡിവിഷനിൽ മാനന്തവാടി എന്നിവിടങ്ങളിലുമാണ് പുതുതായി രൂപീകരിക്കുന്ന ആർആർടികൾ.

****************************************

## HEADLINE-5
## PLUS ONE ALLOTMENT

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ആദ്യ അലോട്ട്മെന്റ് അടുത്ത മാസം അഞ്ചിനും രണ്ടാം അലോട്ട്മെന്റ് 12നും

മൂന്നാം അലോട്ട്മെന്റ് 19നും പ്രസിദ്ധീകരിക്കും. പ്ലസ് വൺ ക്ലാസുകൾ 24ന് ആരംഭിക്കും.

*************************************

## SBI- GDP GROWTH

2023-24 സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനം 7.4 ശതമാനം വളർച്ച കൈവരിച്ചിരിക്കാനുള്ള സാധ്യത പങ്കുവച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ റിപ്പോർട്ട്. മൊത്തം ജിഡിപി വളർച്ച 8 ശതമാനമാണെന്നും റിപ്പോർട്ടിൽ പറയുന്നു. ആഗോള സാമ്പത്തിക ഘടകങ്ങൾ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ സ്വാധീനിച്ചിട്ടുണ്ട്. വാഹന വിൽപന, യാത്രാ വിമാന മേഖല, ജി.എസ്.ടി വരുമാനം, ക്രെഡിറ്റ് കാർഡ് ഇടപാടുകൾ, പെട്രോളിയം ഉപഭോഗം, ടോൾ പിരിവ് തുടങ്ങിയവയിലെ പ്രകടനം നഗര മേഖലയിൽ വളർച്ചയ്ക്ക് കാരണമായി. ഇരുചക്ര വാഹന വിൽപന, ഡീസൽ ഉപഭോഗം തുടങ്ങിയവയാണ് ഗ്രാമീണ മേഖലയിലെ സാമ്പത്തിക പ്രകടനത്തിന് പിന്നിലുള്ള ഘടകങ്ങൾ.

*************************************

## EAM-UN PEACEKEEPERS

ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര സമാധാനപാലക ദിനമായ ഇന്ന് വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ സേനാംഗങ്ങൾക്ക് ആശംസകൾ അറിയിച്ചു. സംഘർഷബാധിത പ്രദേശങ്ങളിൽ സമാധാനവും സുരക്ഷയും നിലനിർത്താൻ സ്വയം അർപ്പിക്കുന്ന ധീര സേനാംഗങ്ങളുടെ സേവനങ്ങൾ ആദരവ് അർഹിക്കുന്നതാണെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

*************************************

## HEADLINE-6

## PAKISTAN- NAWAZ SHARIF

ഇന്ത്യയുമായുണ്ടായിരുന്ന സമാധാനക്കരാർ 1999 ൽ പാകിസ്ഥാൻ ലംഘിച്ചതായി സമ്മതിച്ച് മുൻ പാക് പ്രധാനമന്ത്രി നവാസ് ഷരീഫ്. പാകിസ്ഥാൻ മുസ്ലിം ലീഗ് ജനറൽ കൗൺസിൽ യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം തുറന്ന് പറഞ്ഞത്. അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പെയ് 1999 ഫെബ്രുവരി 21 ന് ലാഹോർ സന്ദർശിച്ച് ഇന്ത്യ-പാക് സമാധാന കരാറായ ലാഹോർ പ്രഖ്യാപനത്തിൽ ഒപ്പുവച്ചിരുന്നു. ഇതിനു ശേഷം പാകിസ്ഥാൻ സേന കാർഗിലിൽ നുഴഞ്ഞുകയറാൻ ശ്രമിച്ചതാണ് കാർഗിൽ യുദ്ധത്തിലേക്ക് നയിച്ചതെന്നും നവാസ് ഷരീഫ് പറഞ്ഞു.

****************************************

## MIZORAM- ASSAM DEATH

റേമൽ ചുഴലിക്കാറ്റ് വടക്കുകിഴക്കൻ മേഖലയിൽ ജനജീവിതത്തെ സാരമായി ബാധിച്ചു. കൊടുങ്കാറ്റിൽ മിസോറാമിൽ 23 ലേറെ പേരും അസമിൽ മൂന്നും മേഘാലയയിൽ ഒരാളും കൊല്ലപ്പെട്ടു. ശക്തമായ കാറ്റിൽ മരങ്ങളും വൈദ്യുതി പോസ്റ്റുകളും കടപുഴകി വീണു. പലയിടങ്ങളിലും മണ്ണിടിച്ചിലുണ്ടാകുകയും വൈദ്യുതി, ഇൻറർനെറ്റ് ബന്ധം താറുമാറാകുകയും ചെയ്തു. മിസോറാമിൽ ക്വാറി തകർന്നാണ് 23 പേർ കൊല്ലപ്പെട്ടത്. ഒമ്പതു പേരെ കാണാതായി. മരിച്ചവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ നാലു ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു.

****************************************

## HARYANA- HEAT

ഹരിയാനയിൽ ഉഷ്ണതരംഗം അതിശക്തമായ തുടരുന്നു. സിർസയിൽ ഇന്നലെ ഉയർന്ന താപനില 50 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി. മഹേന്ദ്രഗഡ്, ഫരീദാഫാദ്, ഗുരുഗ്രാം, കർണാൽ മേഖലകളിലും കടുത്ത ചൂടാണ് അനുഭവപ്പെടുന്നത്. ചണ്ഡീഗഢിലും ഉഷ്ണ തരംഗം തുടരുകയാണ്. 46 ഡിഗ്രി സെൽഷ്യസാണ് ഇവിടെ രേഖപ്പെടുത്തിയ ഉയർന്ന താപനില. പഞ്ചാബിലും, ഹരിയാനയിലും, ചണ്ഡീഗഢിലും ഉഷ്ണതരംഗം നാളെയും തുടരുമെന്നാണ് കാലാവസ്ഥാ വകുപ്പിൻറെ പ്രവചനം.

****************************************

## TELANGANA-CHILD SELLING RACKET

കുട്ടികളെ വിൽപ്പന നടത്തുന്ന അന്തർസംസ്ഥാന റാക്കറ്റിൽപ്പെട്ട 11 പേരെ തെലങ്കാന പോലീസ് അറസ്റ്റ് ചെയ്തു. തെലങ്കാനയിലും ആന്ധ്രാപ്രദേശിലുമായി ഒരു കോടി 80 ലക്ഷം രൂപ മുതൽ 5 കോടി 50 ലക്ഷം രൂപ വരെ വിലയ്ക്കാണ് ഇവർ കുഞ്ഞുങ്ങളെ വിറ്റിരുന്നത്. 13 കുഞ്ഞുങ്ങളെ രക്ഷപ്പെടുത്തിയതായി പൊലീസ് അറിയിച്ചു. ഡൽഹി, പൂനെ തുടങ്ങി വിവിധ സ്ഥലങ്ങളിൽ നിന്ന് കൊണ്ടുവന്ന് തെലങ്കാനയിലും അയൽ സംസ്ഥാനമായ ആന്ധ്രാപ്രദേശിലും കുട്ടികളില്ലാത്ത ദമ്പതികൾക്ക് വിൽക്കുന്ന റാക്കറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന വിവരത്തിന്റ്െ അടിസ്ഥാനത്തിലാണ് രചകൊണ്ട പൊലീസ് നടപടിയെടുത്തത്. റാക്കറ്റിൽ ഉൾപ്പെട്ട മറ്റ് പ്രതികൾക്കായി പോലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

****************************************

## FRENCH OPEN - DJOKOVIC

ഫ്രഞ്ച് ഓപ്പൺ ടെന്നീസിൽ ലോക ഒന്നാം നമ്പർ സെർബിയൻ താരം നൊവാക് ജോക്കോവിച്ചിന്

വിജയത്തുടക്കം. പ്രാരംഭ മത്സരത്തിൽ ഫ്രഞ്ച് താരം പിയറി ഹ്യൂഗസ് ഹെർബർട്ടിനെയാണ് ജോക്കോവിച്ച് പരാജയപ്പെടുത്തിയത്. രണ്ടാം റൗണ്ടിൽ സ്പാനിഷ് താരം റൊബേർട്ടോ കാർബലെസിനെ, ജോക്കോവിച്ച് നേരിടും. 25 ഗ്രാൻഡ് സ്ലാം സിംഗിൾസ് കിരീടങ്ങൾ നേടുന്ന ആദ്യ ടെന്നീസ് താരമെന്ന നേട്ടം ലക്ഷ്യമിട്ടാണ് ജോക്കോവിച്ച് ഇക്കുറി കളക്കളത്തിലിറങ്ങുന്നത്.

*

***********************

*******************************************************